# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## വാർഷിക പരീക്ഷ 2017 - 2018

## മലയാളം

Std. V

Time : 2 hrs.
Marks : 50

എ വിഭാഗം – വായന

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പാലക്കാട് ജില്ലയിലെ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമം. അവിടെ 1700 കാലഘട്ടത്തിലാണ് കുഞ്ചൻനമ്പ്യാർ ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം നമ്പ്യാർ ചെമ്പകശ്ശേരി രാജധാനിയായ അമ്പലപ്പുഴയിലും പിന്നെ തിരുവനന്തപുരത്തും താമസമാക്കി. ഇക്കാലത്താണ് തുള്ളൽക്കവിതകൾ രചിച്ചത്. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെ 'തുള്ളൽ' മൂന്നുവിധം. ചമയത്തിലും അവതരണത്തിലും ഇവയ്ക്കു വ്യത്യാസമുണ്ട്. കഥാപാത്രങ്ങളെ ദൃശ്യപ്രധാനമായി അവതരിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് നമ്പ്യാരുടെ മികവുതന്നെ. രാജാവിനെയും പ്രഭുക്കന്മാരെയും പടയാളികളെയും എന്നല്ല സമൂഹത്തിലെ എല്ലാ തട്ടിലുള്ളവരെയും നമ്പ്യാർ തന്റെ ഹാസ്യത്തിനു പാത്രമാക്കി. പരിഹാസത്തിലൂടെ സമൂഹത്തെ നന്നാക്കുക എന്നതായിരുന്നു കവിയുടെ ലക്ഷ്യം. സമൂഹത്തിൽ നടമാടിയ തിന്മകളെ നിശിതമായി വിമർശിച്ചതുകൊണ്ടാവാം 'കവിത'ചാട്ടവാറാക്കിയ കവി എന്നദ്ദേഹത്തെ പിൽക്കാലജനത വാഴ്ത്തിപ്പാടിയത്.

ചോദ്യങ്ങൾ : (1 x5 =5)

1. തുള്ളൽ എത്രതരം? അവ ഏതെല്ലാം?
2. നമ്പ്യാർ ഹാസ്യത്തിനു പാത്രമാക്കിയത് ആരെയെല്ലാം?
3. എന്തായിരുന്നു കവിയുടെ ലക്ഷ്യം?
4. ജനങ്ങൾ കുഞ്ചൻനമ്പ്യാരെ വിശേഷിപ്പിച്ചതെങ്ങനെ?
5. കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലം എവിടെ?

II താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

കോയമ്പത്തൂരിൽ നിന്നെന്റെ വീട്ടിൽ
വാഴയിലകൾ വിരുന്നുവന്നു
ഗംഗാ നദിയിലെ കുപ്പിവെള്ളം
മൺകുടം കാണാതൊളിച്ചുവച്ചു
തഞ്ചാവൂർച്ചമ്പാവരിയും വന്നു
തമിഴന്റെ പച്ചക്കറികൾ വന്നു
മണ്ണിനെ സ്നേഹിക്കും കന്നടത്തിൻ
മധുരമായ് ശർക്കര വണ്ടിവന്നു
ഈറൻ ചുമക്കാതുടുത്തുകൊള്ളാൻ
ഈറോഡു കൈത്തറി മുണ്ടുതന്നു
മുറ്റത്തു പൂക്കളം തീർക്കുവാനായ്
പ്ലാസ്റ്റിക് വർണങ്ങൾ ഒന്നു ചേർന്നു
അളിയനും പെങ്ങളും കുട്ടികളും
അറബി വിമാനമിറങ്ങി വന്നു

ചോദ്യങ്ങൾ : (1 x5 =5)

1. കവിതയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക?
2. മൺകുടം കാണാതെ ഒളിച്ചുവച്ചതെന്ത്?
3. ഈറൻ ചുമക്കാതുടുക്കാൻ എന്താണ് തന്നത്?
4. വാഴയിലകൾ വിരുന്നു വന്നത് എവിടെ നിന്നാണ്?
5. ആരെല്ലാമാണ് വിമാനമിറങ്ങിവന്നത്?

## ബി വിഭാഗം - എഴുത്ത്

I താഴെ തന്നിരിക്കുന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക: (5)

1. നാടൻപാട്ട്

II ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക: (5)

എഴുത്തച്ഛൻ

## സി വിഭാഗം - വ്യാകരണം

I പദങ്ങൾ ക്രമപ്പെടുത്തി എഴുതുക: (1 x2 =2)

1. ചെറിയ കുട്ടിയല്ല/ അച്ഛാ/ സ്വന്തം കാലിൽ/ നിൽക്കാറായി/ ഞാനിന്നു/
2. കാര്യങ്ങൾ/ സാമൂതിരി/ മിടുക്കനായിരുന്നു/ നീക്കുന്നതിൽ/ തന്ത്രപരമായി/

II പിരിച്ചെഴുതുക: (½x2=1)

1. നന്നെന്ന്
2. ഇച്ചൊന്ന

III ചേർത്തെഴുതുക: (½x3=1½)

1. ലീലകൾ + ഓരോന്നേ
2. നിമിഷങ്ങൾക്ക് + അകം
3. ബാല്യത്തിൽ + എത്തണം

IV ഒറ്റവാക്കെഴുതുക: (½x1=½)

1. കഠിനമായി അധ്വാനിക്കുന്നവൻ

V വിഗ്രഹിച്ച് എഴുതുക: (½x4=2)

1. സ്വച്ഛജലം
2. ജന്മദിനസമ്മാനം
3. പരസ്പര വിശ്വാസം
4. മഹാധനം

VI ചേരുംപടി ചേർക്കുക: (½x5=2½)

| | (എ) | (ബി) |
|---|---|---|
| 1. | കൃഷ്ണഗാഥ | - സാമൂതിരി |
| 2. | വിചിത്രമത്സരം | - എഴുത്തച്ഛൻ |
| 3. | വിദ്യ | - നാടൻപാട്ട് |
| 4. | കണ്ണാടി കാൺമോളവും | - ചെറുശ്ശേരി |
| 5. | ആലായാൽ തറവേണം | - ഉള്ളൂർ |
| | | - കുഞ്ചൻനമ്പ്യാർ |

VII ചിഹ്നം ചേർത്തെഴുതുക: (1 x1 =1)

1. ഇരുന്നുണ്ടാൽ കുന്നും തുലയും എന്നല്ലേ പ്രമാണം പണം കുറഞ്ഞു ആഘോഷങ്ങളുടെ തിമിർപ്പും നഷ്ടമായി

VIII കൂട്ടത്തിൽ ചേരാത്ത പദം കണ്ടെത്തി എഴുതുക: (½x4=2)

1. ആന, ഗജം, കരം, കരി
2. ആച്ചി, ഭൂമി, ക്ഷിതി, ക്ഷോണി
3. അംശുമാൻ, സൂര്യൻ, പാവകൻ, കതിരോൻ
4. വെണ്ണ, ക്ഷീരം, നവനീതം, നവോധൃതം

IX ശരിയായ പദങ്ങൾ തിരഞ്ഞെടുത്തെഴുതുക: (½x4=2)

1. യദായോഗ്യം - യഥായോഗ്യം
2. നർമഭാഷണം - നർമബാഷണം
3. ക്രുന്ധൻ - ക്രുദ്ധൻ
4. അപരാധം - അപരാദം

X വിട്ടുപോയ പദം പൂരിപ്പിക്കുക: (½x1=½)

കർഷന്റെ —————————— കഠിനാധ്വാനിയും അനുസരണാശീലമുള്ളവനും മുതൽ സൂക്ഷിക്കുന്നവനുമായിരുന്നു.

## ഡി - വിഭാഗം

I കവിത പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. (4)

മുറ്റെ.....................................

.......................................ധരിച്ചവൻ താൻ (8 വരി)

II അർത്ഥം എഴുതുക. (½x3=1½)

1. പൂമാനിനി 2. പാംസു 3. തുരുത്ത്

III വിപരീതം എഴുതുക. (½x2=1)

1. പ്രതീക്ഷിതം 2. പൂർണം

IV പര്യായപദങ്ങൾ എഴുതുക. (1x2=2)

1. കടൽ 2. താമര

V നാനാർത്ഥം എഴുതുക: (1)

1. ഗൗരവം

VI വാക്യത്തിൽ പ്രയോഗിക്കുക: (1)

1. ഉത്തരവാദിത്വം

VII ഉത്തരമെഴുതുക. (1½x3=4½)

1. വിരൂപന്മാർ ചിന്തിച്ചുറക്കുന്നതെന്ത്?
2. "സത്യത്തിൽ മനുഷ്യൻ അവയെ കണ്ടു പഠിക്കേണ്ടതാണ്." എന്തുകൊണ്ടാണ് ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെട്ടത്?
3. അന്നമേകുന്നവൻ തരുന്ന സന്തോഷവും വിദ്യ നൽകുന്നവൻ തരുന്ന സന്തോഷവും തമ്മിലുള്ള വ്യത്യാസം എന്ത്?